"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 02/11/2016 -ൽ അന്തരിച്ച ആന്റണി വി.വി. യുടെ മകൻ ശ്രീ. അശ്വിൻ ആന്റണി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.107/2024/TRANS തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. 24/05/1999-ലെ സ.ഉ(അച്ചടി) നം.12/19999/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
2. 07/04/2022-ലെ സി2/88/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ
3. ശ്രീ. അശ്വിൻ ആന്റണിയുടെ 27/03/2023-ലെ അപേക്ഷ
4. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 27/04/2023-ലെ SWTDHO/762/2023-E3 നമ്പർ കത്ത്
5. 19/01/2024-ലെ ഉ.പ.സി 2/9/2024/ഉ.ഭ.പ.വ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

സംസ്ഥാന ജലഗതാഗത വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ 02/11/2016-ൽ അന്തരിച്ച ആന്റണി വി.വി. യുടെ മകൻ ശ്രീ. അശ്വിൻ ആന്റണി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 02/03/2017-ൽ അപേക്ഷിച്ച എൽ.ഡി ക്ലാർക്ക്, ബിരുദ യോഗ്യത നേടിയതിനുശേഷം അപേക്ഷിച്ച സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം വൈകുന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ശ്രീ. അശ്വിൻ ആന്റണി എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനത്തിനുള്ള അപേക്ഷ 02/03/2017-ലും പ്രസ്തുത തസ്തികയിൽ നിയമനം വൈകുന്നതിനാൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ തസ്തിക മാറ്റത്തിനുള്ള അപേക്ഷ 27/03/2023-ലുമാണ് സമർപ്പിച്ചത്. ശ്രീ. അശ്വിൻ ആന്റണിയുടെ പിതാവ് 02/11/2016-ൽ മരണമടയുകയും 02/03/2017-ൽ ടിയാൻ എൽ.ഡി.ക്ലാർക്ക് നിയമനത്തിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ആശ്രിത നിയമന മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിയമനത്തിനുള്ള അപേക്ഷ/തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2 വർഷത്തിനകവും, മേജറാകാത്ത കേസുകളിൽ മേജറായി മൂന്നു വർഷത്തിനകവും ആണ്. ശ്രീ.അശ്വിൻ ആന്റണി തസ്തികമാറ്റത്തിനുള്ള

അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 27/03/2023-ൽ ആയതിനാൽ നാല് വർഷവും 4 മാസവും 25 ദിവസവും കാലതാമസം ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവുകളെപ്പറ്റിയുള്ള കൃത്യമായ അറിവില്ലായ്മ കൊണ്ടാണ് തസ്തികമാറ്റത്തിനുള്ള അപേക്ഷ വൈകി സമർപ്പിച്ചതെന്നും ആയത് മാപ്പാക്കി തസ്തികമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അശ്വിൻ ആന്റണി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും, നിയമനത്തിനായി ശിപാർശ ചെയ്യുകയും, എന്നാൽ നിയമനത്തിനായി ശിപാർശ ചെയ്ത തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാത്തതിനാൽ നിയമനം നീണ്ടു പോകുകയും ചെയ്യുന്ന കേസുകളിൽ തസ്തിക മാറ്റത്തിനുള്ള അപേക്ഷ നൽകുവാനുണ്ടാകുന്ന കാലതാമസം പരിഹരിച്ച് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചെങ്കിലും ഒഴിവിന്റെ അഭാവത്താൽ ടി തസ്തികയിലും, ബിരുദ യോഗ്യത നേടിയ ശേഷം മാറിയ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിലും നിയമനം വൈകുമെന്നതിനാൽ തസ്തികമാറ്റം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കണമെന്ന് ശ്രീ.അശ്വിൻ ആന്റണി അപേക്ഷിച്ചിരിക്കുന്നതിനാൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരവെ 02/11/2016-ൽ അന്തരിച്ച ആന്റണി വി.വി. യുടെ മകൻ ശ്രീ. അശ്വിൻ ആന്റണി തദ്ദേശ സ്വയംഭരണ വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ

ശ്രീ.അശ്വിൻ ആന്റണി, വലിയ വീട്ടിൽ, പുന്നപ്ര പി.ഒ, ആലപ്പുഴ-4

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

വെബ് & ന്യൂമീഡിയ, ഐ &പി ആർ ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rekha S

Date: 22-03-2024 11:11:18

സെക്ഷൻ ഓഫീസർ